(സി) തൃശൂർ മെഡിക്കൽ കോളേജ് ടൗൺ ആശുപത്രിയിൽ എച്ച്.ഡി.സി. ജീവനക്കാർക്ക് നൽകിവരുന്ന വേതനം പ്രതിദിനം 100 രൂപ മുതൽ 130 രൂപ വരെയാണ്. അസിസ്റ്റന്റ് റേഡിയോളജിസ്റ്റ്, ഓഡിയോളജിസ്റ്റ്, പീഡിയട്രീഷ്യൻ എന്നിവർക്ക് പ്രതിമാസം 7000 രൂപ മുതൽ 7500 രൂപവരെ നൽകുന്നുണ്ട്. മുളങ്കുന്നത്തുകാവിലുള്ള ആശുപത്രിയിൽ ഡ്രൈവർ, സെക്യൂരിറ്റി എന്നിവർക്കു പ്രതിദിനം 95 രൂപയും, ക്ലാർക്കിന് പ്രതിദിനം 85 രൂപയും ക്ലീനർ, ഹെൽപ്പർ എന്നിവർക്ക് പ്രതിദിനം 75 രൂപയും, നേഴ്സ്/ടെക്നീഷ്യൻ എന്നിവർക്ക് പ്രതിദിനം 100 രൂപ വീതവും വേതനം നൽകിവരുന്നു.

(ഡി & ഇ) എച്ച്. ഡി.സി.-യുടെ കീഴിൽ സ്ഥിരം തസ്തികകളോ ജീവനക്കാരോ ഇല്ല. ആയതിനാൽ ദിവസക്കൂലി അടിസ്ഥാനത്തിലാണ് എച്ച്.ഡി.സി. വഴി ജീവനക്കാരെ നിയമമിക്കുന്നത്. ദിവസക്കൂലി ജീവനക്കാർക്ക് സർക്കാർ അപ്പപ്പോൾ നിശ്ചയിക്കുന്ന തുകയാണ് എച്ച്.ഡി.സി നിയമിക്കുന്ന ജീവനക്കാർക്കും വേതനമായി നൽകേണ്ടതെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

പാരമ്പര്യ വൈദ്യഫെഡറേഷന്റെ നിവേദനം

164 (3354) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പാരമ്പര്യ വൈദ്യ ഫെഡറേഷന്റെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ നിവേദനത്തിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇൻഡ്യൻ മെഡിക്കൽ സെൻട്രൽ കൗൺസിൽ ആക്ടിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി മാത്രമേ പാരമ്പര്യ വൈദ്യ ഫെഡറേഷന്റെ ആവശ്യങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വരുന്ന ആവശ്യങ്ങൾ നടപ്പിലാക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

ആശുപത്രികളിലെ ഭക്ഷ്യസാധനങ്ങളുടെ വിതരണം

165 (3355) ശ്രീ. പി. രാജു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. ജോസ് ബേബി :
ശ്രീ. യു. എസ് ശശി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആശുപത്രികളിലേക്കുള്ള ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ഇപ്പോഴുള്ള നടപടി ക്രമങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന ബ്രഡ് മോഡേൺ ഇൻസ്ട്രിയിൽ നിന്നും, പാൽ, മിൽമയിൽ നിന്നുമാണ് വാങ്ങുന്നത്. ഇവ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ക്ഷീരവ്യവസായ സഹകരണസംഘങ്ങളിൽ നിന്നാണ് വാങ്ങുന്നത്. മറ്റ് സാധനങ്ങൾ സിവിൽ സപ്ലൈസ്, നീതി സ്റ്റോറുകൾ, കൺസ്യൂമർ സറ്റോർ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ നിന്നുമാണ് വാങ്ങുന്നത്. ടി സർക്കാർ സ്ഥാപനങ്ങളില്ലാത്ത മേഖലകളിൽ ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നതിന് വേണ്ടി മേലധികാരികൾ സ്റ്റോർ പർച്ചേഴ്സ് റുൾസ് അനുസരിച്ച് ടെൻഡർ വിളിക്കുകയും പ്രസ്തുത ടെൻഡറുകളിൽ നൽകിയിട്ടുള്ള നിരക്ക് ബ്യൂറോ നിരക്കിനേക്കാൾ 15%ത്തിൽ താഴെയാണെങ്കിൽ അതാതു ജില്ലാ മെഡിക്കലാഫീസറും നിരക്ക് 15%ത്തിലും 25%ത്തിലും ഇടയ്ക്ക് അധികമാണെങ്കിൽ ആരോഗ്യവകുപ്പ് ഡയറക്ടറും 25%ത്തിൽ കൂടുതലാണെങ്കിൽ സർക്കാർ തലത്തിലും ഭരണാനുമതി നൽകുന്നതാണ്.

മോർച്ചറി ടെക്നീഷ്യൻ തസ്തികയിലെ ഒഴിവുകൾ

166 (3356) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ മോർച്ചറി ടെക്നീഷ്യൻ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതെങ്കിലും മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ടായിരുന്ന മോർച്ചറി ടെക്നീഷ്യൻ തസ്തിക നിർത്തലാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ ഈ മെഡിക്കൽ കോളേജുകളിൽ ഇപ്പോൾ ഏത് തസ്തികയിലുള്ളവരാണ് മോർച്ചറി ടെക്നീഷ്യന്റെ ജോലി നോക്കുന്നത് എന്ന് വെളിപ്പെടുത്താമോ ;

(ഡി) ഒഴിവുള്ള മോർച്ചറി ടെക്നീഷ്യൻ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തൃശൂർ മെഡിക്കൽ കോളേജിൽ ഒരു തസ്തിക ഒഴിഞ്ഞ് കിടക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly